# ദൈവം നമ്മോടു സംസാരിക്കുന്നത് തിരിച്ചറിയുക

## ഇയ്യോബ് :33–14

"ഒന്നോ രണ്ടോ വട്ടം ദൈവം അരുളിചെയ്യുന്നു; മനുഷ്യൻ അതു കൂട്ടാക്കുന്നില്ലതാനും"

സൃഷ്ടാവായ ദൈവം തന്റെ സൃഷ്ടികളുടെ മകുടമായ മനുഷ്യനോട് നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അത് തിരിച്ചറിയുക എന്നതാണ് പ്രധാനം, എങ്കിൽ മാത്രമേ ഓരോ മനുഷ്യനും ജീവിതത്തിൽ കടന്നുപോകുന്ന ഓരോ കാര്യങ്ങളെക്കുറിച്ചുമുള്ള ദൈവത്തിന്റെ ചിന്തയെ മനസ്സിലാക്കുവാൻ കഴിയൂ. യിരെ. 29:11 ൽ ദൈവം പറയുന്നു. "നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവയെന്നു ഞാൻ അറിയുന്നു; അവ തിന്മയ്ക്കല്ല നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്."

ഓരോ നിമിഷവും കടന്നുപോകുന്ന സാഹചര്യങ്ങളിൽ നാം കൈക്കൊള്ളുന്ന തീരുമാനങ്ങൾ ആണ് അടുത്ത നിമിഷത്തെ, മണിക്കൂറിനെ, ദിവസത്തെ, ആഴ്ചയെ ഒക്കെ സ്വാധീനിക്കുന്നത്. യിരെമ്യാവിൽ, വചനം പറയുന്നു, ദൈവത്തിന് വ്യക്തികളെക്കുറിച്ചുള്ള നിരൂപണങ്ങൾ അവരുടെ നന്മയ്ക്കായും ശുഭഭാവിക്കായും ഉള്ളത് മാത്രമാണ്. ഓരോ നിമിഷവും ദൈവം ചിന്തിക്കുന്നത് എന്റെ നന്മയെക്കുറിച്ചാണ്. അപ്പോൾ എന്റെ ജീവിതത്തിന്റെ ഓരോ നിമിഷവും ദൈവം പറയുന്നത് കേട്ടാൽ തീർച്ചയായും എന്റെ ജീവിതത്തിൽ നന്മ കൈവരും; എന്റെ ഭാവി ശുഭകരമാകും.

കുറിവാക്യത്തിൽ ഇയ്യോബ് പറയുന്നു, ദൈവം ഒന്നോ രണ്ടോ വട്ടം പറയുന്നുണ്ട്, എന്നാൽ മനുഷ്യർക്ക് അത് കൂട്ടാക്കാൻ സാധിക്കുന്നില്ല. ദൈവം പലരീതിയിൽ മനുഷ്യനോട് ഇടപെട്ടുകൊണ്ടിരിക്കുന്നു. എബ്രായർ 1:12 ൽ "ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും, വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളി ചെയ്തു, ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടും അരുളിചെയ്തിരിക്കുന്നു, അവനെ താൻ സകലത്തിനും അവകാശിയാക്കി വെച്ചു, അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി." ദൈവം സംസാരിക്കുന്നത് കേട്ട്, തിരിച്ചറിഞ്ഞ്, അതനുസരിച്ച് പ്രവർത്തിച്ചാൽ നാം വളരും, മറ്റുള്ളവരെ വളർത്തുകയും ചെയ്യും.

ദൈവസ്വരം കടന്നുവരുന്ന വഴികൾ പലതാണ് എന്നു നാം തിരിച്ചറിയേണ്ടതാണ്. അത് വചനം വായിക്കുമ്പോഴാകാം, വചനം ശ്രവിക്കുമ്പോഴാകാം, നല്ല ഒരു

പുസ്കതത്തിലൂടെയാകാം. ചിലപ്പോൾ മറ്റുള്ളവരുടെ പരിഹാസത്തിലൂടെപ്പോലും ആകാം. അത് തിരിച്ചറിയാൻ നാം നമ്മുടെ സഹായകനായ പരിശുദ്ധാത്മാവിന്റെ സഹായം ഓരോ നിമിഷവും തേടിക്കൊണ്ടിരിക്കണം. ദൈവസ്വരം തിരിച്ചറിയുമ്പോൾ അത് പ്രവർത്തിക്കായി, മാറ്റത്തിനായി എന്നെ നിർബന്ധിക്കും. അത് ചെയ്യുന്നതും എന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവു തന്നെയാണ്.

അടുത്ത പടിയിലാണ് എന്റെ തീരുമാനമെടുക്കാനുള്ള കഴിവിനെ ഞാൻ ഉപയോഗിക്കേണ്ടത്. ദൈവസ്വരത്തിന് അനുസരിച്ച് മുന്നോട്ടുപോകാൻ ഞാൻ എന്നോടു കല്പിക്കണം. എന്തു തടസ്സം വന്നാലും അതിൽ നിന്ന് പിന്നോട്ടില്ല എന്ന ഉറപ്പോടുകൂടി നീങ്ങണം. ആ തലത്തിലും പരിശുദ്ധാത്മാവിനോടു വിധേയപ്പെട്ടിരിക്കണം. ഓരോ നിമിഷവും ദൈവത്തിന് മഹത്വം കൊടുക്കണം. അങ്ങനെ പടിപടിയായി ദൈവിക നിരൂപണങ്ങൾ മാത്രം അനുസരിക്കുന്ന ഒരു തലത്തിലേക്ക് എന്റെ ജീവിതത്തെ പരിശുദ്ധാത്മാവ് ഉയർത്തും. അത് ഒരു ഉന്നതമായ തലമാണ്. അവിടെ ദൈവമനുഷ്യ സംഗമത്തിന്റെ പാരമ്യങ്ങൾ ഉണ്ടാകും, വെളിപ്പാടുകൾ ഉണ്ടാകും, സ്വർഗീയ രഹസ്യങ്ങളുടെ കലവറ എന്നിലേക്ക് പകരപ്പെടും..... അതിൽ ആനന്ദം കണ്ടെത്തുന്ന എന്റെ ആത്മാവ്, അതിൽ കൂടുതൽ ആഴപ്പെടുവാൻ എന്നെ നിർബന്ധിക്കും. ഇത് നിത്യതയോളം തുടരാവുന്നതാണ്.

എന്നാൽ ഇതിന്റെ മറുവശവും നാം ശ്രദ്ധിക്കേണ്ടതാണ്. ഇയ്യോബ് പറയുന്നു, ദൈവ സ്വരത്തെ മനുഷ്യർ ഭൂരിഭാഗവും കൂട്ടാക്കുന്നില്ല. ഇവിടെയാണ് ആദ്യപാപത്തിന്റെ അവസ്ഥ മനുഷ്യജീവിതത്തിൽ സാത്താൻ പുനസൃഷ്ടിക്കുന്നത്. ദൈവസ്വരം കേട്ടു, എന്നാൽ അനുസരിക്കുവാൻ ഹവ്വായ്ക്ക് തീരുമാനിക്കാമായിരുന്നു, ജഡം അവളെ അതിജീവിച്ചു; പാപം അവളിൽ കർതൃത്ത്വം നടത്തി; തുടർന്ന് ഏദൻ നഷ്ടപ്പെട്ടു, സമാ ധാനം പോയി, അദ്ധ്വാനം വർദ്ധിച്ചു, മക്കൾ പരസ്പരം പോരാടി കൊലപാത കത്തിലേയ്ക്ക് പോയി, തുടർന്ന് കൂടുതൽ അരിഷ്ടതകൾ കടന്നുവന്നു.

ഇന്നും അതേ രീതി പിന്തുടർന്ന് സാത്താൻ മനുഷ്യജീവിതത്തിൽ മേൽകൈ നേടുന്നു. ഇഷ്ടപ്പെടാത്ത, കടന്നുപോകരുതാത്ത അവസ്ഥയിലേക്ക് ജീവിതങ്ങൾ താണുപോകുന്നു. ഒരു വ്യക്തിയിൽ ആരംഭിക്കുന്ന ദൈവസ്വരം കേൾക്കുന്നതിലെ പരായം, ആ വ്യക്തിയുടെ കുടുംബത്തിലേക്കും, സമൂഹത്തിലേക്കും വ്യാപരിപ്പിച്ച് അധഃപതിച്ച ഒരു സാമൂഹിക അവസ്ഥ സൃഷ്ടിച്ചു കൊണ്ടേയിരിക്കുന്നു.

പ്രിയരെ, ഞാൻ ദൈവസ്വരം കേട്ടാൽ, അനുസരിച്ചാൽ വലിയ മാറ്റം എന്നിലും എന്നോടു സന്ധിച്ചു നിൽക്കുന്നവരിലും ഉണ്ടാക്കാൻ ദൈവത്തിന് സാധിക്കും. ഇങ്ങനെയാണ് ഓരോ വ്യക്തിയ്ക്കും ദൈവകരത്തിലെ ഉപകരണമാകാൻ സാധിക്കുന്നത്.

പുറപ്പാട് 19 ൽ വായിക്കുന്നു "ആകയാൽ നിങ്ങൾ എന്റെ വാക്ക് കേട്ടനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ, നിങ്ങൾ എനിക്ക് സകലജാതികളിലും വെച്ച് പ്രത്യേക സമ്പത്തായിരിക്കും."

ദൈവത്തെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ദൈവത്തിന്റെ സമ്പത്താണ്. അവരിൽ ദൈവം അഭിമാനിക്കുന്നു. ഇയ്യോബ് തന്റെ ജീവിതത്തിലൂടെ ദൈവത്തിന് അഭിമാനം കൊടുത്തു. ശത്രുവിന്റെ മുമ്പിൽ യോസേഫും അപ്രകാരം തന്നെ ചെയ്തു. അങ്ങനെ അനേകം ദൈവപുരുഷന്മാരും സ്ത്രീകളും ലോകാരംഭം മുതൽ ദൈവത്തിന് അഭിമാനം കൊടുത്തുകൊണ്ടിരിക്കുന്നു. ആ കൂട്ടത്തിൽപ്പെടുവാൻ ആഗ്രഹിക്കുന്നോ, എങ്കിൽ ഇപ്പോൾത്തന്നെ ദൈവസ്വരത്തിനായി കാതോർക്കാം, ഉൾക്കണ്ണുകൾ തുറക്കട്ടെ, ദൈവാത്മാവ് എന്നെ ഒരു അത്ഭുതമാക്കി തീർക്കട്ടെ.

പരാമർശം:

ഫിലിപ്പ്യർ 2:2

നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐക്യമത്യപ്പെട്ടു ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ.

ആവർത്തനം 28:14

ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന വചനങ്ങളിൽ യാതൊന്നെങ്കിലും വിട്ടു അന്യദൈവങ്ങളെ പിന്തുടർന്നു സേവിപ്പാൻ നീ ഇടത്തോട്ടോ വലത്തോട്ടോ മാറരുതു

ബ്രദർ ജോബി ജെയിംസ് ചങ്ങനാശ്ശേരി 012